# NIDAS: 17

# Specific Learning disability- Early Identification and Intervention

## FREQUENTLY ASKED QUESTIONS

1. എന്താണ് പഠനവൈകല്യം?

   വായിക്കുവാനോ ഉച്ചരിക്കുവാനോ കേൾക്കുന്ന കാര്യങ്ങൾ മനസിലാക്കാനോ സംസാരിക്കുകയും എഴുതുകയും ചെയുമ്പോൾ ആശയങ്ങൾ വ്യക്തമായി ആവിഷ്കരിക്കുകയോ ചെയ്യുന്നതിൽ ഒരാൾക്കനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെയാണ് പഠനവൈകല്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. താഴെപ്പറയുന്ന വിഷമതകൾ അവർ പ്രകടിപ്പിക്കാം.

   - ഉച്ചാരണ ഭാഷ (ശ്രദ്ധിക്കുവാനും സംസാരിക്കുവാനും മനസിലാക്കാനുമുള്ള ബുദ്ധിമുട്ട്)
   - വായിക്കാനുള്ള ബുദ്ധിമുട്ട് (വിശകലനം ചെയ്യാനും ഗ്രഹിക്കനുമുള്ള ബുദ്ധിമുട്ട്)
   - എഴുതാനുള്ള ബുദ്ധിമുട്ട് (അക്ഷരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആശയം വ്യക്തമാക്കാനുമുള്ള ബുധിമുട്ട്)
   - ഗണിതം (കണക്കുകൂട്ടി ഉത്തരം കണ്ടെത്താനുള്ള ബുധിമുട്ട്)

2. എല്ലാ പഠനവൈകല്യവും നിർദ്ദിഷ്ഠ പഠനവൈകല്യമായാണോ കണക്കാക്കുന്നത്?

   കാഴ്ച, കേൾവി, ചലന സംബന്ധം, ബുദ്ധിപരം, വൈകാരികം അല്ലെങ്കിൽ പാരിസ്ഥിതികം, സാംസ്കാരികം അല്ലെങ്കിൽ സാമ്പത്തികം എന്നിങ്ങനെ ഉള്ള വ്യത്യസ്തമായ പ്രതികൂല സാഹചര്യങ്ങൾ കാരണമാണ് പഠനവൈകല്യങ്ങളുണ്ടാകുന്നത്. നിർദ്ദിഷ്ഠ പഠന പരിമിതി (specific learning disability) കണ്ടെത്തുന്നതിന് മുകളിൽ പറഞ്ഞ അവസ്ഥകളില്ലാത്ത പഠന വിഷമതകൾ ഉണ്ടായിരിക്കണം.

3. നിർദ്ദിഷ്ഠ പഠന പരിമിതി (specific learning disability) തലമുറകളിലേക്ക് പകരുമോ?

   ജനിതകമോ പാരമ്പര്യമോ ആയ കാരണങ്ങളാലാണ് നിർദ്ദിഷ്ഠ പഠന പരിമിതി (specific learning disability) കണ്ടു വരുന്നത്. ഇത്തരം കേസുകളിൽ അച്ഛന്റെയോ അമ്മയുടെയോ കുടുംബചരിത്രം പരിശോധിച്ചാൽ അവരിൽ വായനയിലും എഴുത്തിലും ഒപ്പം വിദ്യാഭ്യാസപരമായി ഉയരുന്നതിലും വിഷമതകളുതായി മനസിലാക്കാം.

4. നിർദ്ദിഷ്ട പഠന പരിമിതി (specific learning disability) എങ്ങനെ മുൻകൂട്ടി കണ്ടെത്താനാകും ?

സ്കൂൾ വിദ്യാഭ്യാസം തുടങ്ങി 7 വയസാകുമ്പോഴോ അതിനുശേഷമോ ആണ് സാധാരണമായി അദ്ധ്യാപകരോ രക്ഷാകർത്താക്കളോ ഇതിന്റെ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങുന്നത്.എങ്കിലും അതിനു മുൻപുതന്നെ നിർദ്ദിഷ്ട പഠന പരിമിതി (specific learning disability)യുടെ എന്നു കരുതാവുന്ന ചില സൂചനകൾ കണ്ടു തുടങ്ങും.

- വാക്കാലുള്ള സംസാരശേഷി: സംസാരിച്ചു തുടങ്ങുന്നതിന് കാലതാമസം നേരിടുക, സ്പഷ്ടമല്ലാത്തതോ തെറ്റിച്ചോ ഉച്ചരിക്കുക, വാക്കുകൾ കിട്ടാതെ വരിക, വ്യാകരണപ്പിശകു സംഭവിക്കുക.
- സ്വരസംവിധാനത്തെക്കുറിച്ചുള്ള അവബോധം: ശബ്ദത്തെ മനസിലാക്കാനും ആവർത്തനം തിരിച്ചറിയാനും ശബ്ദത്തെ അനുകരിക്കാനുള്ള പ്രയാസം.
- അച്ചടിച്ച സംഗതികൾ മനസിലാക്കാനുള്ള പരിമിതി: പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അടുക്കും ചിട്ടയും ഇല്ലാതിരിക്കുക, അക്ഷരങ്ങളെ സംബന്ധിച്ച് കൃത്യമായ അറിവില്ലാതിരിക്കുക, ചുറ്റുപാടും പ്രദർശിപ്പിച്ചിരിക്കുന്ന പോസ്റ്ററുകളും മറ്റും മനസിലാക്കാതിരിക്കുക, മോശമായ കൈപ്പട.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ എന്തെങ്കിലും കുട്ടി പ്രകടിപ്പിക്കുകയാണെങ്കിൽ ആ കുട്ടിക്കു പഠനവൈകല്യമുന്നയിരിക്കാനുള്ള സാധ്യത കൂടുന്നു. ശരിയായ പരിശീലനം നൽകിയാൽ ഇവരുടെ പഠനവൈകല്യം ഒരു പരിധിവരെ മറികടക്കാനാകുന്നതാണ്.

5. പഠനവൈകല്യം നിർണ്ണയിക്കുന്നതിനു മുമ്പായി കുട്ടിയെ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട് ?

ആരോഗ്യം, കാഴ്ചശക്തി, കേൾവിശക്തി, സാമൂഹികവും വൈകാരികവുമായ അവസ്ഥ, സാമാന്യ ബുദ്ധി, പഠന നിലവാരം, ആശയവിനിമയ ശേഷി, സഞ്ചാരശേഷി തുടങ്ങി കുട്ടിയിലുണ്ടെന്നു സംശയിക്കപ്പെടുന്ന വൈകല്യവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും നിരീക്ഷണ വിധേയമാക്കണം.

6. പഠനവൈകല്യം കണ്ടെത്തുന്നതിനു തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തെല്ലാം ? പ്രധാനമായും ഇന്ത്യയിൽ ?

പഠനത്തിനുള്ള തടസ്സങ്ങളും അവയുടെ കാഠിന്യവും വിശേഷിച്ചും അവ പാരിസ്ഥിതികവും സാംസ്കാരികവും സാമ്പത്തികവുമായ പ്രതികൂല സാഹചര്യങ്ങൾ കൊണ്ടുണ്ടാകുന്നതാണെങ്കിൽ പഠനവൈകല്യം കണ്ടെത്തുന്നതിൽ വലിയ തടസ്സം സൃഷ്ടിക്കുന്നു. ഇന്ത്യയിലാകട്ടെ ഇത്തരത്തിൽപ്പെട്ട കുട്ടികളിലേറെപേരും സ്കൂളിൽ പോകുകയോ ഭാഷയും അറിവും നേടാൻ ശ്രമിക്കുകയും ചെയ്യാത്തതിനാൽ പഠനവൈകല്യം കണ്ടെത്തുക എന്നത് കൂടുതൽ പ്രയസകരമാകുന്നു.

ബഹുഭാഷാ രാഷ്ട്രമായ ഇന്ത്യയിൽ കുട്ടികൾക്ക് പലപ്പോഴും തങ്ങളുടെ മാതൃഭാഷയല്ലാത്ത ഒരു ഭാഷാ മാദ്ധ്യമത്തിലൂടെ പഠിക്കേണ്ടിവരുന്നുവെന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുകയും വൈകല്യം തിരിച്ചറിയൽ ദുഷ്കരവും ഏറെക്കുറെ അസാദ്ധ്യവും ആക്കിത്തീർക്കുന്നു.

7. കിൻ്റർഗാർട്ടനിലെ കുട്ടികൾ ചിലപ്പോൾ അക്ഷരങ്ങൾ പിന്നോട്ടെഴുതുന്നതായി കണ്ടുവരുന്നു.(കണ്ണാടിയിൽ പ്രതിബിംബിക്കുന്നതുപോലെ).ഇത് എഴുതാനുള്ള അവരുടെ ബുദ്ധിമുട്ടുകൊണ്ട് സംഭവിക്കുന്നതാണോ ?

അക്ഷരങ്ങൾ ഇടത്തോട്ടോ വലത്തോട്ടോ എഴുതേണ്ടത് എന്നറിയാൻ പാടില്ലായ്മ കുട്ടികളിൽ പൊതുവേ കണ്ടുവരുന്ന ഒരു പ്രവണതയാണ്. അവരുടെ ലോകത്തിൽ അവർ കണ്ടുകൊണ്ടിരിക്കുന്ന പദാർഥങ്ങൾ എങ്ങോട്ടുതിരിഞ്ഞിരുന്നാലും അവർക്കു പ്രശ്നമല്ല. എങ്ങോട്ടു തിരിഞ്ഞാലും അവ അതേ പദാർഥങ്ങൾതന്നെയാണ്. അക്ഷരങ്ങളും അക്കങ്ങളും മാത്രമാണ് ഒരു പ്രത്യേക ദിശയിലേക്കു തിരിഞ്ഞിരിക്കേണ്ടത്.

കാലാക്രമേണ അതു ശരിയായിക്കൊള്ളും. എന്നാൽ ഒരു കുട്ടി ആറു വയസിനുശേഷവും മിക്ക അക്ഷരങ്ങളും തിരിച്ചെഴുതുന്നതു തുടരുകയാണെങ്കിൽ പഠനവൈകല്യം കൈകാര്യം ചെയ്യുന്ന സൈക്കോളജിസ്റ്റിനെയോ സ്പീച്ച് ലാങ്ഗ്വിജ് പഥോളജിസ്റ്റിനെയോ കാണിക്കേണ്ടതാണ്.

അക്ഷരങ്ങൾ തിരിച്ചെഴുതുന്നത് പദാന്ധതയുടെ(dyslexia) സമാന ലക്ഷണമാണ്. പദാന്ധത (dyslexia) ഉള്ളവർക്ക് പൊതുവേ വാക്കുകളുടെ ഉച്ചാരണം തിരിച്ചറിയുന്നതിനാണു ബുദ്ധിമുട്ടനുഭവപ്പെടുന്നതെന്നു ഗവേഷണങ്ങൾ തെളിയിക്കുന്നു. കേൾക്കുന്ന വാക്കുകളുടെ ശബ്ദസാമ്യവും വാക്കുകളുടെ ഘടകങ്ങളും പറഞ്ഞുറപ്പിക്കാൻ കൊച്ചുകുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്.

8. കുട്ടികൾക്ക് ഈ പ്രശ്നത്തെ അതിജീവിക്കാനാകുമോ ?

പഠനവൈകല്യം ഒരു കുട്ടിയുടെ ജീവിതകാലം മുഴുവൻ തുടരും. തലച്ചോറ് പൂർണ്ണവളർച്ചയെത്തുന്നതോടെ അപ്രത്യക്ഷമാകുന്ന ഒരവസ്ഥയല്ല ഇത്. എന്നാൽ നേരത്തെ തിരിച്ചറിയുകയും അതനുസരിച്ച് പരിശീലനം നൽകിയാൽ പഠനവൈകല്യമുള്ള കുട്ടികൾക്ക് പഠനത്തിൽ പുരോഗതി നേടാനാകുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.അവരുടെ ജീവിത വിജയത്തിന് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഹായവും പിന്തുണയും ആവശ്യമാണ്.

9. എന്റെ കുട്ടിക്ക് പദാന്ധത(dyslexia) ഉണ്ടെങ്കിൽ എങ്ങനെ തിരിച്ചറിയും ?

പഠന വൈകല്യത്തിന്റെ ലക്ഷണങ്ങൾ പ്രായത്തിനും വ്യക്തിക്കും അനുസൃതമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

നിങ്ങളുടെ കുട്ടി എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിച്ചില്ല എങ്കിലും താഴെപ്പറയുന്ന ചിലതെങ്കിലും പ്രകടിപ്പിച്ചേക്കാം. നിങ്ങളുടെ കുട്ടിയിൽ ഇതിലേതെങ്കിലും ലക്ഷണങ്ങൾ കാണുകയാണെങ്കിൽ കുട്ടിയുടെ ബുദ്ധിശക്തിയും ഇന്ദ്രിയസംബന്ധമായ ശരിയായി പ്രവർത്തിക്കുന്ന പക്ഷം കൂടുതൽ പരിശോധനകൾ നടത്തേണ്ടതാണ്.

| **പ്രീ-സ്കൂൾ** | **പ്രീ-പ്രൈമറി-പ്രൈമറി** | **മിഡിൽ സ്കൂൾ** | **ഹൈസ്കൂൾ** |
|---|---|---|---|
| മറ്റു കുട്ടികളെ അപേക്ഷിച്ച് വൈകി സംസാരിക്കുന്നു. | അക്ഷരങ്ങളും അവയുടെ ഉച്ചാരണവും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ കാലതാമസം. | ഒരു വാക്കിലെ അക്ഷരങ്ങളുടെയും പദങ്ങളുടെയും ക്രമം കൂടെ കൂടെ മാറിമറിയുന്നു. (was/saw, tops/spot. You are how? For How are you?) | സ്പെല്ലിംഗ് തെറ്റിച്ചു പറയുക,ഒരു വാക്കിലെ സ്പെല്ലിംഗ് പലപ്പോഴും വ്യത്യസ്തമായി എഴുതുന്നു. |
| ഉച്ചാരണ വൈകല്യങ്ങൾ | അടിസ്ഥാനപരമായ വാക്കുകളുടെ കാര്യത്തിൽ | മുന്നിലും പിന്നിലും ചേർക്കുന്ന | എഴുതാനും വായിക്കാനുമുള്ള |

| | | | |
|---|---|---|---|
| | ആശയക്കുഴപ്പം (ചൂട്/തണുപ്പ്,മുകളിൽ/താഴെ) | വാക്കുകൾ, സ്പെല്ലിംഗ് ഇവ തിരിച്ചറിയാൻ കാലതാമസം | നിർദേശങ്ങൾ അവഗണിക്കുന്നു. |
| ശബ്ദം ആവർത്തിക്കുന്ന പടങ്ങളുടെ കാര്യത്തിൽ ബുധിമുട്ട്. വളരെക്കുറഞ്ഞ പദസമ്പത്ത്,ശരിയായ വാക്കു കണ്ടെത്താനുള്ള ബുധിമുട്ട്. | കൂട്ടിച്ചേർത്തു വായിക്കുകഅക്ഷരത്തെറ്റു വരുത്തുക, അക്ഷരങ്ങൾ തിരിച്ചെഴുതുക(b/d, p/q). അക്ഷരങ്ങൾ തിരിച്ചെഴുതുക (u/n,m/w), സ്ഥാനം മാറ്റിയെഴുതുക,(felt/left, form/form), ഒരു വാക്കിനുപകരം മറ്റൊരുവാക്കുപയോഗിക്കുക(house/home) | ഉറച്ചു വായന ഒഴിവാക്കുന്നു. | ചുരുക്കിപ്പറയാൻ അറിയായ്ക. |
| അക്ഷരങ്ങൾ,അക്കങ്ങൾ,അഴ്ച്ചയിലെ ദിവസങ്ങൾ, ആകൃതി എന്നിവ മനസിലാക്കാനുള്ള ബുധിമുട്ട് | എണ്ണങ്ങളുടെ സ്ഥാനക്രമം തെറ്റിക്കുക,ഹരണ-ഗുണന-സങ്കലന-വ്യവകലന ചിഹ്നങ്ങൾ(+,-,*,/). | പദപ്രശ്നങ്ങളിൽ ബുദ്ധിമുട്ട്. | പരീക്ഷയിൽ പരോക്ഷമായ ചോദ്യങ്ങൾക്കു മുന്നിൽ പതറിപോകുക. |
| കടുത്ത അസ്വാസ്ഥതയും എളുപ്പത്തിൽ ശ്രദ്ധ മാറിപോകലും | വസ്തുതകൾ ഓർമ്മിച്ചെടുക്കുന്നതിൽ കാലതാമസം.. | കൈപ്പട നന്നാക്കാൻ കഴിയാതിരിക്കുക. | ദുർബലമായ ഓർമ്മ ശക്തി. |

| | | | |
|---|---|---|---|
| സഹപാഠികളുമായി ഇടപഴകാൻ ബുദ്ധിമുട്ട് | പുതിയ കഴിവുകൾ പഠിച്ചെടുക്കുന്നതിൽ കാലതാമസം,മനപാഠമാക്കി പഠിക്കുന്നതിനെ അമിതമായി ആശ്രയിക്കുന്നു. | വിഷമകരമായി പെൻസിൽ മുറുക്കിപ്പിടിച്ചെഴുതുക. | പുതിയ ചുറ്റുപാടുകളുമായി ചേർന്ന് പോകാനുള്ള പ്രയാസം. |
| നിർദേശങ്ങൾ അനുസരിക്കാൻ പ്രയാസം | ഉൾപ്രേരണ ഉണ്ടെങ്കിലും കാര്യങ്ങൾ ആസൂത്രണം ചെയ്യാനുള്ള പിഴവ്. | രചനകൾ (composition) എഴുതാതിരിക്കുക. | ജോലി ചെയ്യുന്നതിൽ വേഗതയില്ലായ്മ. |
| ശരിയായി നടക്കാൻ ശീലിക്കുന്നതിൽ കാലതാമസം. | സമയക്രമത്തെ പ്പറ്റി മനസിലാക്കുന്നതിൽ ബുധിമുട്ട്. | വസ്തുതകൾ ഓർമ്മിച്ചെടുക്കുന്നതിൽ കാലതാമസം. | ആശയത്തെ കൃത്യമായി മനസിലാക്കി ഉൾക്കൊള്ളാതെ വരിക. |
| | പെൻസിൽ ശരിയായ രീതിയിൽ പിടിക്കാൻ ബുദ്ധിമുട്ട്. | സുഹൃത്ത്ബന്ധങ്ങളുണ്ടാക്കുന്നതിൽ പിന്നോക്കം പോകുക. | ഒന്നുകിൽ വിശദാംശങ്ങളിൽ ശ്രദ്ധിക്കാതിരിക്കുക അല്ലെങ്കിൽ അവയിൽ അമിതമായ ശ്രദ്ധ ചെലുത്തുക. |

| | | | |
|---|---|---|---|
| | മോശമായ ഏകോപനം, ചുറ്റുപാടിനെക്കുറിച്ച് ബോധമില്ലാതിരിക്കുക, അപകടപ്പെടാൻ ഏറിയ സാദ്ധ്യത. | ശരീരഭാഷയും ഭാവ പ്രകടനവും മനസിലാകാതിരിക്കുക. | കാര്യങ്ങൾ തെറ്റായി ഉൾക്കൊള്ളുക. |
| | | | നിങ്ങളുടെ കുട്ടിയുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക. |

10. ആർകൊക്കെ നിങ്ങളെ സഹായിക്കാനും ?

- സ്കൂൾ അധ്യാപകർ.
- സ്പെഷ്യൽ എജുക്കേറ്റർ
- സൈക്കോളജിസ്റ്റ്
- സ്പീച്ച് ലാംഗ്വേജ് പഥോളജിസ്റ്റ്

11. ഞൻ എങ്ങനെ എന്റെ കുട്ടിയെ സഹായിക്കണം ?

- കുട്ടിയുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
- കുട്ടിയോടും കുട്ടിയുടെ അധ്യാപകരോടും ക്ഷമയും സഹനവും ഉണ്ടാകണം.
- വീട്ടിൽ കുട്ടിയോട് അധിക സമ്മർദം ഏൽപ്പിക്കാതിരിക്കുക.
- നിങ്ങളുടെ കുട്ടി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും നേരിടുന്ന മാനസിക സംഘർഷത്തിന്റെ ലക്ഷണത്തെക്കുറിച്ചും ബോധവാനായിരിക്കുക.
- കുട്ടി ഏതെങ്കിലും വിധത്തിലുള്ള പരാജയം നേരിടുന്ന പക്ഷം വീട്ടിൽ വച്ച് അവയെ ലഘൂകരിക്കാൻ ശ്രമിക്കുക. അവർ പരാജയപ്പെട്ടത്തിൽ നിങ്ങൾക്കുള്ള ആശങ്ക പ്രകടിപ്പിക്കരുത്. അങ്ങനെ ചെയ്താൽ താൻ പോരാത്തവനാണെന്ന തോന്നൽ കുട്ടിക്കുണ്ടാകും.
- കുട്ടിയുടെ പ്രായം കണക്കിലെടുക്കാതെ പാഠഭാഗങ്ങൾ അവനു വായിച്ചു കൊടുക്കുക.

- കുട്ടിയോടൊപ്പമിരുന്നു ടെലിവിഷൻ പരിപാടികൾ കാണുകയും നിങ്ങൾ കണ്ടതിനെ കുറിച്ച് അവനുമായി ചർച്ച ചെയ്യുകയും ചെയ്യുക.
- കുട്ടിയുമായി കളികളിൽ ഏർപ്പെടുക.
- കുട്ടിയുടെ ഉത്സാഹം കെടാതെ സൂക്ഷിക്കുക.
- അവനു ശക്തി പകരാനും പ്രോത്സാഹനം നൽകുകയും ചെയ്യുക.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ**


1. **അഞ്ജന. എ. വി** Ph. 0471-3066625
   ജൂനിയർ റിസർച്ച് ഫെലോ
   ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്

2. **രജിത . എൽ**
   സോഷ്യൽ വർക്കർ Ph. 0471-3066638
   നിഷ്, തിരുവനന്തപുരം.